പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 964

29..09..2011 -ൽ
മറുപടിയ്ക്ക്.

പുതിയ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ

*ചോദ്യം*
ശ്രീ. കെ. സുരേഷ് കുറുപ്പ്

*ഉത്തരം*
ശ്രീ. പി.കെ.അബ്ദു റബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് പുതിയതായി എത്ര സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ തുടങ്ങാൻ അനുമതി നൽകി; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാനത്ത് പുതിയതായി 16 സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ തുടങ്ങാൻ അനുമതി നൽകുകയുണ്ടായി. |
| (ബി) | നിലവിലുള്ള സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലേക്ക് സർക്കാർ ലിസ്റ്റിൽ നിന്നും പ്രവേശന നടപടികൾ പൂർത്തിയാക്കിക്കഴിഞ്ഞാൽ പതിനായിരത്തിലധികം സീറ്റുകൾ ഒഴിഞ്ഞു കിടക്കുന്നതായ അവസ്ഥ സംജാതമാകുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | 18-09-2011 -ന്ന് നടന്ന എഞ്ചിനീയറിംഗ് അലോട്ട്മെന്റിൻ പ്രകാരം സർക്കാരുമായി കരാറിൽ ഏർപ്പെട്ട 75 സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ മൊത്തമായുള്ള 12,938 സീറ്റിൽ 2743 സീറ്റുകൾ വിദ്യാർത്ഥികളുടെ ഓപ്ഷനുകളുടെ അഭാവത്തിൽ ഒഴിഞ്ഞുകിടപ്പുണ്ട്. പുതുതായി അനുമതി (NOC) നൽകിയിട്ടുള്ള എഞ്ചിനീയറിംഗ് കോളേജുകളിൽ ഒഴിഞ്ഞുകിടക്കുന്ന സീറ്റുകളുടെ വിവരം അടുത്തഘട്ട അലോട്ട്മെന്റ് നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ ലഭ്യമാവുകയുള്ളൂ. |
| (സി) | സംസ്ഥാനത്ത് എഞ്ചിനീയറിംഗ് സീറ്റുകൾ ഒഴിഞ്ഞുകിടക്കുമ്പോൾത്തന്നെ 12,000-ത്തിൽ പരം വിദ്യാർത്ഥികൾ അന്യ സംസ്ഥാനങ്ങളിലെ കോളേജുകളിൽ ചേർന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നറിയിക്കുമോ ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ